പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 145

# 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 145

# 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

881/2018.

# 2018 -ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ചില പദപ്രയോഗങ്ങളുടെ പരാമർശങ്ങൾക്ക് പകരം മറ്റ് പദപ്രയോഗങ്ങൾ ചേർക്കൽ.—2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക),—

(എ) "അക്കാദമിക സമിതി" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനുപകരം "അക്കാദമിക കൗൺസിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) " നിർവ്വാഹക സമിതി" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനു പകരം "സിൻഡിക്കേറ്റ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

881/2018.

3. <u>14-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 14-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ "കഴിയുന്നത്ര വേഗം" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതും "അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "അങ്ങനെയുള്ള അധികാര സ്ഥാനത്തിന്റെയോ നികായത്തിന്റെയോ തൊട്ടടുത്ത യോഗത്തിൽ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ് " എന്നീ വാക്കുകൾ ചേർക്കേണ്ടതുമാണ്.

4. <u>15-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 15-ാം വകുപ്പ് (3)—ാം ഉപവകുപ്പിനും ക്ലിപ്ത നിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3)പ്രോ-വൈസ്-ചാൻസലറുടെ നിയമന കാലാവധി നാലുവർഷക്കാലം ആയിരിക്കുന്നതാണ്." .

5. <u>22-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിൽ,—

(iv) "ഗവേഷണ കൗൺസിൽ" എന്ന ഇനത്തിനുശേഷം വരുന്ന "കൂടാതെ" എന്ന വാക്ക് വിട്ടുകളയേണ്ടതും അങ്ങനെ ഭേദഗതി ചെയ്ത (iv)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

" (v) ബോർഡ് ഓഫ് സ്റ്റഡീസ്;

(vi) ധനകാര്യ സമിതി;

(vii) ആസൂത്രണ സമിതി;

(viii) വിദ്യാർത്ഥി കൗൺസിൽ, കൂടാതെ "

6. <u>23-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 23-ാം വകുപ്പ് (1) -ാം ഉപവകുപ്പിൽ,—

(എ) "എക്സ്- ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ, (xv)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xv) സർവ്വകലാശാലാ യൂണിയൻ ചെയർമാൻ.";

(ബി) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ,

(ii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കിടയിൽ നിന്നും അവർ തെരഞ്ഞെടുക്കുന്ന ആറ് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ മൂന്നുപേർ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ആയിരിക്കേണ്ടതാണ്; പ്രസ്തുത അംഗങ്ങളിൽ ഒരാൾ ബിരുദാനന്തരബിരുദ വിദ്യാർത്ഥിയും ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ട ആളും ആയിരിക്കേണ്ടതാണ്;";

(സി) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(i) (iv)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്: —

"(iv) പി.എച്ച്.ഡി. ഗവേഷണത്തിന് മേൽനോട്ടം വഹിച്ചിട്ടുള്ളതും പോസ്റ്റ് ഡോക്ടറൽ പബ്ലിക്കേഷൻസോടുകൂടിയതുമായ, കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നുള്ള രണ്ട് വിദ്യാഭ്യാസ വിചക്ഷണർ.".

(ii) (v)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്: —

"(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് എഞ്ചിനീയറിംഗ് കോളേജ് മേധാവികൾ അല്ലെങ്കിൽ മാനേജർമാർ, അവരിൽ ഒരാൾ എയ്ഡഡ് കോളേജിൽ നിന്നും ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജിൽ നിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ കോളേജിൽ നിന്നും ആയിരിക്കേണ്ടതാണ്;";

(iii) (vi)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(vi) അദ്ധ്യാപകരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പി.എച്ച്.ഡി.-യും പത്ത് വർഷത്തെ അദ്ധ്യാപന പരിചയവുമുള്ള, രണ്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർ, ഒരു എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ, ഒരു സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ, ഒരു സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ പ്രസ്തുത അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ

പട്ടികഗോത്രവർഗ്ഗങ്ങളിലോ ഉൾപ്പെട്ട ആളും ഒരാൾ എഞ്ചിനീയറിംഗ് അല്ലാത്ത ശാസ്ത്ര വിഷയ അദ്ധ്യാപകനും ആയിരിക്കേണ്ടതാണ്;

(vii) അനദ്ധ്യാപക ജീവനക്കാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം.";

(ഡി) "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ, (i)-ാം ഇനം വിട്ടുകളയേണ്ടതാണ്.

7. <u>27-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(എ) (xi)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനവും ക്ലിപ്തനിബന്ധനയും ചേർക്കേണ്ടതാണ്, അതായത്:—

"(xi) ബോർഡ് ഓഫ് ഗവർണേഴ്സിലെ വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം:

എന്നാൽ, സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാകാത്ത സാഹചര്യത്തിൽ, തെരഞ്ഞെടുപ്പ് പൂർത്തിയാക്കുന്നതുവരെ, സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഒരു വിദ്യാർത്ഥിയെ സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്;"

(ബി) (xiii)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xiii) ബോർഡ് ഓഫ് ഗവർണേഴ്സിലെ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാരിൽ അല്ലെങ്കിൽ മേധാവികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;";

8. <u>31-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 31-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) (iii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iii) സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് എന്നീ ഓരോ വിഭാഗത്തിൽ നിന്നും വൈസ്-ചാൻസലർ നൽകുന്ന മൂന്ന് പേർ വീതം അടങ്ങുന്ന പട്ടികകളിൽ നിന്നും ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന, ഒരു പ്രിൻസിപ്പാൾ വീതം; അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്. പട്ടികകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള വനിതയുടെ അഭാവത്തിൽ മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരെ പരിഗണിക്കേണ്ടതാണ്.";

(ബി) (iv)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iv) സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് എന്നീ ഓരോ വിഭാഗത്തിൽ നിന്നും വിവിധ എഞ്ചിനീയറിംഗ് ശാഖകളെ പ്രതിനിധാനം ചെയ്യുന്നതും പ്രൊഫസർമാരുടെ പദവിയിൽ താഴെയല്ലാത്തതും ആയ പ്രസ്തുത ഓരോ വിഭാഗത്തിൽ നിന്നും വൈസ്-ചാൻസലർ നൽകുന്ന മൂന്ന് പേർ വീതം അടങ്ങുന്ന പട്ടികകളിൽ നിന്നും, ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന, ഒരു അദ്ധ്യാപകൻ വീതം; അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെട്ടവരായിരിക്കേണ്ടതാണ്. പട്ടികകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള വനിതയുടെയോ പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോപെട്ടവരുടെയോ അഭാവത്തിൽ ആ വിഭാഗങ്ങൾക്കായി നീക്കിവച്ച സ്ഥാനങ്ങളിലേക്ക് മറ്റ് വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ടവരെ പരിഗണിക്കേണ്ടതാണ്.";

(സി) (v)-ാം ഇനത്തിൽ, "രണ്ട് പ്രഗത്ഭരായ വ്യവസായികൾ" എന്നീ വാക്കുകൾക്ക് പകരം "ഒരു പ്രഗത്ഭനായ വ്യവസായി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (viii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ix) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ്-ചെയർമാൻ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഒരു കൗൺസിൽ അംഗം;

(x) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, ബോർഡ് ഓഫ് ഗവർണേഴ്സിലെ രണ്ട് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ ബിരുദ വിദ്യാർത്ഥിയും ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ആയിരിക്കേണ്ടതാണ്; അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.".

9. 37-ാം വകുപ്പിനുപകരം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 37-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"37. ബോർഡ് ഓഫ് സ്റ്റഡീസ്.—(1) സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന പ്രകാരം ഓരോ പഠനശാഖയ്ക്കും ഒരു ബോർഡ് ഓഫ് സ്റ്റഡീസ് വീതം ഉണ്ടായിരിക്കേണ്ടതാണ്.

(2) ബോർഡ് ഓഫ് സ്റ്റഡീസിന്റെ ഘടനയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

37എ. ധനകാര്യ സമിതി.—(1) സർവ്വകലാശാലയുടെ ധനകാര്യ സംബന്ധമായ ഏതൊരു പ്രശ്നത്തിനും ഉപദേശം നൽകുന്നതിനായി സിൻഡിക്കേറ്റ് നിയോഗിക്കുന്ന നിശ്ചിത യോഗ്യതയുള്ള ഒരാൾ ചെയർമാനായി ഒരു ധനകാര്യ സമിതി ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി ധനകാര്യ സമിതിയുടെ ഘടനയും അധികാരങ്ങളും ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

37ബി. ആസൂത്രണ സമിതി.—(1) സർവ്വകലാശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ആവശ്യമെന്നു കരുതുന്ന ഏതെങ്കിലും കാര്യങ്ങളിൽ സിൻഡിക്കേറ്റിനെയും അക്കാദമിക കൗൺസിലിനെയും ഉപദേശിക്കുന്നതിനായി സിൻഡിക്കേറ്റ് നിയോഗിക്കുന്ന ഒരാൾ ചെയർമാനായി ഒരു ആസൂത്രണ സമിതി ഉണ്ടായിരിക്കേണ്ടതാണ്.

(2) ആസൂത്രണ സമിതിക്ക് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാലയുടെ വികസനം സംബന്ധിച്ച് അഞ്ച് വർഷത്തേയ്ക്കുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിക്കുക;

(ii) സർവ്വകലാശാലയുടെ അഭിവൃദ്ധിക്ക് അഭിലഷണീയമായ മാർഗ്ഗങ്ങളുടെ രൂപരേഖ തയ്യാറാക്കുക;

(iii) സിൻഡിക്കേറ്റ് അംഗീകരിച്ച പദ്ധതികൾ നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ഉപദേശം നൽകുക;

(iv) പദ്ധതിക്കാലത്ത് കൈവരിക്കുന്നതിനുദ്ദേശിച്ചിരുന്ന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ സർവ്വകലാശാല പ്രകടിപ്പിച്ച മൊത്തത്തിലുള്ള വൈദഗ്ദ്ധ്യം വിലയിരുത്തുക.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആസൂത്രണ സമിതിയുടെ ഘടനയും അധികാരങ്ങളും ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാര മായിരിക്കേണ്ടതാണ്.

37സി. <u>വിദ്യാർത്ഥി കൗൺസിൽ.</u>—(1) വിദ്യാർത്ഥികളുടെ ക്ഷേമം സംബന്ധിച്ച കാര്യങ്ങൾക്കായി സർവ്വകലാശാലയ്ക്ക് ഒരു വിദ്യാർത്ഥി കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, വിദ്യാർത്ഥി കൗൺസിലിന്റെ ഘടനയും അധികാരങ്ങളും ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.".

10. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2018-ലെ 25) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വകലാശാലയിലെ നിലവിലുള്ള സാഹചര്യം കണക്കിലെടുത്ത് 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) ചില ഭേദഗതികൾ കൊണ്ടുവരേണ്ടത് അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു. ഈ സർവ്വകലാശാല നേരിട്ടുകൊണ്ടിരിക്കുന്ന ചില പ്രശ്നങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ വ്യവസ്ഥകൾ ഒരു മാതൃകയാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

2. സർവ്വകലാശാലയിലെ നിലവിലുള്ള അധികാരസ്ഥാനങ്ങൾക്കു പുറമെ ബോർഡ് ഓഫ് സ്റ്റഡീസ്, ധനകാര്യ സമിതി, ആസൂത്രണ സമിതി, വിദ്യാർത്ഥി കൗൺസിൽ എന്നിവ കൂടി രൂപീകരിക്കുവാൻ തീരുമാനിച്ചു. വിദ്യാർത്ഥി പ്രതിനിധി കളെയും വിവിധ വിഭാഗങ്ങളിലുള്ള കോളേജുകളെ പ്രതിനിധീകരിച്ച് അനുഭവ ജ്ഞാനവും ഉന്നത യോഗ്യതകളുമുള്ള അദ്ധ്യാപകരെയും ഉൾപ്പെടുത്തിക്കൊണ്ട് ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ഘടനയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും തീരുമാനിച്ചു. നിർവ്വാഹക സമിതിയിലും, അക്കാദമിക സമിതിയിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നു. 'അക്കാദമിക സമിതി', 'നിർവ്വാഹക സമിതി' എന്നീ അധികാരസ്ഥാനങ്ങളുടെ പേര് യഥാക്രമം 'അക്കാദമിക കൗൺസിൽ', 'സിൻഡിക്കേറ്റ്' എന്ന് മാറ്റുവാനും സർക്കാർ തീരുമാനിച്ചു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് 2017 ഡിസംബർ 8-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഡിസംബർ 8-ാം തീയതിയിലെ 2700-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 28-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 101 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018

ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളന കാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018-ലെ 18-ാം നമ്പർ ഓർഡിനൻസായി 2018 ഫെബ്രുവരി 12-ാം തീയതിയിലെ 342-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 117 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2018 ഫെബ്രുവരി 26-ാം തീയതി ആരംഭിച്ച് 2018 ഏപ്രിൽ 4-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളന കാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2018 ഏപ്രിൽ 7-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018-ലെ 25-ാം നമ്പർ ഓർഡിനൻസായി 2018 ഏപ്രിൽ 7-ാം തീയതിയിലെ 913-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2018-ലെ 25-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ 50-ാം വകുപ്പ് പ്രകാരം സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾക്കും മറ്റ് പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും ഏകദേശം 5,44,60,000 രൂപ (അഞ്ച് കോടി നാൽപ്പത്തിനാല് ലക്ഷത്തി അറുപതിനായിരം രൂപ) ആവർത്തക ചെലവും 10,00,00,000 രൂപ (പത്ത് കോടി രൂപ) അനാവർത്തക ചെലവും വകയിരുത്തിക്കൊണ്ട് "സാങ്കേതികശാസ്ത്ര സർവ്വകലാശാലാനിധി" എന്ന പേരിൽ ഒരു സഞ്ചിതനിധി രൂപീകരിച്ചിട്ടുണ്ട്.

2. സർവ്വകലാശാല സ്ഥാപിച്ച ശേഷം ആയതിന്റെ ഘടനയിൽ കാതലായ മാറ്റങ്ങൾ വന്നിട്ടില്ല. സർവ്വകലാശാലയുടെ പരമോന്നത സമിതിയായ ബോർഡ് ഓഫ്

ഗവർണേഴ്സ് അംഗങ്ങളിൽ രണ്ട് പേരെ അധികം ഉൾപ്പെടുത്തുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായി ബോർഡ് ഓഫ് സ്റ്റഡീസ്, ധനകാര്യ സമിതി, ആസൂത്രണ സമിതി, വിദ്യാർത്ഥി കൗൺസിൽ എന്നിവ ക [illegible] പ്പെടുത്തിക്കൊണ്ട് 22-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ബില്ലിലെ 5-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

3. പുതിയതായി ഉൾപ്പെടുത്തുന്ന ബോർഡ് ഓഫ് സ്റ്റഡീസിനു പകരമായി നിലവിൽ കരിക്കുലം കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. കരിക്കുലം കമ്മിറ്റിയുടെ ചെലവ് സർവ്വകലാശാലയുടെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്. അതിനാൽ ഇതിലേയ്ക്കായി അധിക ചെലവ് വരുന്നതല്ല. ധനകാര്യ സമിതി, ആസൂത്രണ സമിതി എന്നിവ സർവ്വകലാശാലയുടെ ഉദ്യോഗസ്ഥർ തന്നെ ഉൾപ്പെടുന്ന സമിതികൾ ആയി പ്രവർത്തിക്കാവുന്നതാണ്. ആയതിനാൽ അവയുടെ പ്രവർത്തനത്തിന് പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നില്ല. വിദ്യാർത്ഥി കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് വിദ്യാർത്ഥികളിൽ നിന്നും സർവ്വകലാശാല ഈടാക്കുന്ന സ്റ്റുഡന്റ്സ് അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്.

4. മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ സർവ്വകലാശാലയുടെ പ്ലാൻ ഫണ്ടിൽ നിന്നുള്ളതല്ലാതെ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച

## മെമ്മോറാണ്ടം

ബില്ലിലെ 9-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 37-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, ബോർഡ് ഓഫ് സ്റ്റഡീസിന്റെ ഘടനയും അധികാരങ്ങളും നിർണ്ണയിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർക്കാരിനെയും സർവ്വകലാശാലയെയും അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 9-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 37 എ വകുപ്പ് (2)-ാം ഉപവകുപ്പ്, ധനകാര്യ സമിതിയുടെ ഘടനയും അധികാരങ്ങളും ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചകൊടുക്കുന്ന നടപടിക്രമങ്ങളും നിർണ്ണയിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർക്കാരിനെയും സർവ്വകലാശാലയെയും അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 9-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 37 ബി വകുപ്പ് (3)-ാം ഉപവകുപ്പ്, ആസൂത്രണ സമിതിയുടെ ഘടനയും അധികാരങ്ങളും

ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്ന നടപടിക്രമങ്ങളും നിർണ്ണയിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർക്കാരിനെയും സർവ്വകലാശാലയെയും അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 9-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 37 സി വകുപ്പ് (2)-ാം ഉപവകുപ്പ്, വിദ്യാർത്ഥി കൗൺസിലിന്റെ ഘടനയും അധികാരങ്ങളും ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്ന നടപടിക്രമങ്ങളും നിർണ്ണയിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർക്കാരിനെയും സർവ്വകലാശാലയെയും അധികാരപ്പെടുത്തുന്നു.

5. ഏതു കാര്യങ്ങൾ സംബന്ധിച്ചാണോ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കാവുന്നത്, അവ നടപടിക്രമങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയവയുമാണ്. മാത്രമല്ല, സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കിയ ശേഷം അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്.

## 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(ബി) "അക്കാദമിക സമിതി" എന്നാൽ 31-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട,സർവ്വകലാശാലയുടെ അക്കാദമിക സമിതി എന്നർത്ഥമാകുന്നു;

** ** ** **

(ക്യു) "നിർവ്വാഹക സമിതി" എന്നാൽ സർവ്വകലാശാലയുടെ നിർവ്വാഹക സമിതി എന്നർത്ഥമാകുന്നു;

** ** ** **

14. വൈസ്-ചാൻസലറുടെ അധികാരങ്ങൾ.—(1) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ പ്രധാന അക്കാദമിക-നിർവ്വാഹക ഉദ്യോഗസ്ഥനായിരിക്കുന്നതാണ്. അദ്ദേഹം സർവ്വകലാശാലയുടെ അക്കാദമിക പരിപാടികളുടെ പുരോഗതിക്ക് ഉത്തരവാദിയായിരിക്കുന്നതാണ്. സർവ്വകലാശാലയുടെ കാര്യക്ഷമതയും ശരിയായ ചിട്ടയും ഉറപ്പുവരുത്തുന്നതിനായി അദ്ദേഹം സർവ്വകലാശാലയുടെ അക്കാദമിക പരിപാടികളുടെയും ഭരണത്തിന്റെയും പൊതുഭരണത്തിന്റെയും മേൽനോട്ടം വഹിക്കേണ്ടതും നിരീക്ഷിക്കേണ്ടതുമാണ്.

** ** ** **

(5) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തിരാവശ്യം ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമാണെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും കഴിയുന്നത്ര വേഗം അടിയന്തിരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും സാധാരണഗതിയിൽ ആ വിഷയം കൈകാര്യം

ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അപ്രകാരം ഒരു അടിയന്തിരാവശ്യം നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ രണ്ടിലുമോ വൈസ്-ചാൻസലറും അധികാരസ്ഥാനവും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ വിഷയം ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

** ** ** **

15. <u>പ്രോ-വൈസ്-ചാൻസലറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും</u>.— (1) സർക്കാർ ശിപാർശ ചെയ്യുന്ന, എഞ്ചിനീയറിംഗ്, സാങ്കേതിക ശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കുന്ന യോഗ്യതകൾ ഉള്ളതുമായ ഒരാളെ പ്രോ-വൈസ്-ചാൻസലറായി ചാൻസലർ നിയമിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്.

** ** ** **

(3) പ്രോ-വൈസ്-ചാൻസലറുടെ നിയമന കാലാവധി നാലുവർഷക്കാലം ആയിരിക്കുന്നതും പുനർനിയമനത്തിന് അർഹനാണെന്നു കാണുന്നപക്ഷം അദ്ദേഹത്തെ തൊട്ടടുത്ത നാലുവർഷത്തേക്കുകൂടി നിയമിക്കാവുന്നതുമാണ്:

എന്നാൽ, അറുപതു വയസ്സ് പൂർത്തിയായ യാതൊരാളും പുനർനിയമനത്തിന് അർഹനായിരിക്കുന്നതല്ല.

** ** ** **

22. <u>സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ</u>.—താഴെപ്പറയുന്നവ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുന്നതാണ്, അതായത്:—

(i) ബോർഡ് ഓഫ് ഗവർണേഴ്സ്;

(ii) നിർവ്വാഹക സമിതി;

(iii) അക്കാദമിക സമിതി;

(iv) ഗവേഷണ കൗൺസിൽ; കൂടാതെ

സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ സ്ഥാനനിർദ്ദേശിക്കപ്പെടാവുന്ന, സർവ്വകലാശാലയുടെ അങ്ങനെയുള്ള മറ്റ് നികായങ്ങൾ.

** ** ** **

23. <u>ബോർഡ് ഓഫ് ഗവർണേഴ്സ്.</u>—(1) ബോർഡ് ഓഫ് ഗവർണേഴ്സിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

<u>എക്സ്-ഒഫിഷ്യോ അംഗങ്ങൾ</u>

** ** ** **

(XV) വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ.

<u>തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>

** ** ** **

(ii) സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന നാല് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ഒരാൾ വിദ്യാർത്ഥിനിയും ആയിരിക്കേണ്ടതാണ്.

** ** ** **

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

** ** ** **

(iv) പി.എച്ച്.ഡി. ഗവേഷണത്തിന് മേൽനോട്ടം വഹിച്ചിട്ടുള്ളതും പോസ്റ്റ് ഡോക്ടറൽ പബ്ലിക്കേഷൻസോടുകൂടിയതുമായ കേരളത്തിലെ സർവ്വകലാശാലകളിലെ ശാസ്ത്ര പഠന വകുപ്പുകളിൽ പ്രവർത്തിക്കുന്ന രണ്ട് ശാസ്ത്ര വിഭാഗം വിദ്യാഭ്യാസ വിചക്ഷണർ;

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാല് എഞ്ചിനിയറിംഗ് കോളേജ് മാനേജർമാർ, അവരിൽ മൂന്ന് പേർ അൺഎയ്ഡഡ് സ്വാശ്രയ മേഖലയിൽ നിന്നുള്ള ആളുകളും ഒരാൾ സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് സ്വാശ്രയ മേഖലയിൽ നിന്നുള്ള ആളും ആയിരിക്കേണ്ടതാണ്;

(vi) സർക്കാർ കോളേജ്, എയ്ഡഡ് കോളേജ്, സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് കോളേജ്, അൺഎയ്ഡഡ് കോളേജ് എന്നിവയിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ അദ്ധ്യാപകർ വീതം. അവർ പി.എച്ച്.ഡി. ഉള്ളവരും പത്ത് വർഷത്തിൽ കുറയാതെയുള്ള അദ്ധ്യാപന പരിചയമുള്ളവരും ആയിരിക്കേണ്ടതാണ്.

മറ്റ് അംഗങ്ങൾ

(i) എ.ഐ.സി.റ്റി.ഇ.-യെ പ്രതിനിധാനം ചെയ്യുന്ന ഒരു അംഗം;

** ** ** **

27. നിർവ്വാഹക സമിതി.—(1) നിർവ്വാഹക സമിതി സർവ്വകലാശാലയുടെ മുഖ്യ നിർവ്വാഹക നികായം ആയിരിക്കുന്നതും, അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്, അതായത്:—

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

** ** ** **

(xi) സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ബോർഡ് ഓഫ് ഗവർണേഴ്സിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

** ** ** **

(xiii) ബോർഡ് ഓഫ് ഗവർണേഴ്സിലെ സ്വകാര്യ കോളേജ് മാനേജർമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം.

** ** ** **

31. അക്കാദമിക സമിതിയുടെ രൂപീകരണം.—(1) അക്കാദമിക സമിതി അദ്ധ്യാപനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും ഗവേഷണത്തിന്റെയും പരീക്ഷകളുടെയും നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വമുള്ള സർവ്വകലാശാലയുടെ പ്രധാനപ്പെട്ട അക്കാദമിക നികായം ആയിരിക്കുന്നതും ഓരോ രണ്ട് അദ്ധ്യയന വർഷത്തേക്കുംവേണ്ടി ബോർഡ് ഓഫ് ഗവർണേഴ്സിനാൽ രൂപീകരിക്കപ്പെടേണ്ടതുമാണ്.

(2) അക്കാദമിക സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

** ** ** **

(iii) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദശം ചെയ്യുന്ന, അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ നാല് പ്രിൻസിപ്പൽമാർ, അവരിൽ ഒരാൾ സർക്കാർ കോളേജുകളിൽനിന്നും ഒരാൾ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളിൽനിന്നും ഒരാൾ അൺ-എയ്ഡഡ് കോളേജുകളിൽനിന്നും ഒരാൾ എയ്ഡഡ് കോളേജുകളിൽനിന്നും ആയിരിക്കേണ്ടതുമാണ്;

(iv) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന, അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിൽ നിന്നുള്ള വിവിധ എഞ്ചിനീയറിംഗ് ശാഖകളെ പ്രതിനിധാനം ചെയ്യുന്ന, പ്രൊഫസർമാരുടെ പദവിയിൽ താഴെയല്ലാത്ത നാല് അദ്ധ്യാപകർ, അവരിൽ ഓരോരുത്തരും യഥാക്രമം സർക്കാർ കോളേജുകളെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളെയും അൺ-എയ്ഡഡ് കോളേജുകളെയും എയ്ഡഡ് കോളേജുകളെയും പ്രതിനിധാനം ചെയ്യേണ്ടതും അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപ്പെട്ടവരായിക്കേണ്ടതുമാണ്;

(v) സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന എഞ്ചിനീയറിംഗ് ബിരുദധാരികളായ, രണ്ട് പ്രഗൽഭരായ വ്യവസായികൾ;

** ** ** **

(viii) ഡീൻ (ഗവേഷണം).

** ** ** **

37. <u>മറ്റ് സമിതികൾ</u>.—ഈ ആക്റ്റിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്ന ആവശ്യത്തിലേക്കായി പഠനബോർഡുകൾ, പരീക്ഷാബോർഡ്, ആസൂത്രണ സമിതി, വിദ്യാർത്ഥി കൗൺസിൽ മുതലായ സമിതികളെ നിയമിക്കുന്നതിന് വൈസ്-ചാൻസലർക്ക് അധികാരം ഉണ്ടായിരിക്കുന്നതും ആ സമിതികളിൽ ഈ ആക്റ്റിലോ സ്റ്റാറ്റ്യൂട്ടുകളിലോ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, അധികാരസ്ഥാനങ്ങളിലെ അംഗങ്ങളേയും അദ്ദേഹത്തിന് ഉചിതമെന്നുതോന്നുന്ന അങ്ങനെയുള്ള മറ്റ് അംഗങ്ങളേയും ഉൾപ്പെടുത്താവുന്നതുമാണ്.

** ** ** **